**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3314** **26-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കാരപറമ്പ് ഗവ. എൽ.പി. സ്കൂളിന് കെട്ടിടം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കാരപറമ്പ് ഗവ.എൽ.പി. സ്കൂളിന് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ; | (എ) | കോഴിക്കോട് കാരപറമ്പ് ഗവ.എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണം സാങ്കേതിക അനുമതി ഘട്ടത്തിലാണ് . |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഭൗതികസൗകര്യ വികസനപദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ ഉത്തരവിൽ GHSS കാരാപ്പറമ്പ് സ്കൂളിനെയാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് നടപടിക്രമങ്ങൾ ആരംഭിച്ചെങ്കിലും GLPSകാരാപ്പറമ്പ് സ്കൂളിനാണ് കെട്ടിടം ആവശ്യമായിരുന്നത്. ഇതനുസരിച്ച് 10/04/2023 - ലെ സ.ഉ.(സാധാ)നം. 2354/2023/GEDN പ്രകാരം ഭരണാനുമതി ഭേദഗതി ചെയ്ത് GLPS കാരാപ്പറമ്പ് സ്കൂളിന് അനുമതി നൽകിയിരുന്നു. ഇത് കാലതാമസം ഉണ്ടാകുന്നതിന് കാരണമായി. |
| (സി) | സ്കൂളിന്റെ അംഗീകൃത മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ; | (സി) | നിലവിലുണ്ട് . |
| (ഡി) | കെട്ടിട പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമായാലുടൻ , Project Execution Document കില തയ്യാറാക്കി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ